I/176960/2024
I/176960/2024

**ഫയൽ നം :SSG 1/2/2023-TC** **തീയതി : 24-01-2024**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒതിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ**

**ട്രാൻസ്പോർട്ട് കമ്മീഷണർ,**
**മോട്ടോർ വാഹന വകുപ്പ്, കേരളം**

**സ്വീകർത്താവ്**

**എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും**
**എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും**

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - അപ്രൂവൽ കഴിഞ്ഞ് പ്രിന്റ് പെൻഡിങ്ങുള്ള ഡ്രൈവിംഗ് ലൈസൻസ് സേവനങ്ങൾ സംബന്ധിച്ച അടിയന്തിര നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് :

സൂചന :- 16-01-2024 തീയതിയിൽ നടന്ന സാരഥി ടീം മീറ്റിംഗ് മിനുട്സ്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.ഡ്രൈവിംഗ് ലൈസൻസ് പ്രിന്റിങ് സംബന്ധിച്ച് നിലവിലെ അനിശ്ചിതത്വം തുടരുന്ന സാഹചര്യത്തിൽ ഒറിജിനൽ ലൈസൻസ് ലഭിക്കാത്തതിനാൽ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച മറ്റു സേവനങ്ങൾക്ക് പൊതു ജനങ്ങൾക്ക് തടസ്സം നേരിടേണ്ടി വരുന്ന സ്ഥിതിവിശേഷമാണ് നിലവിൽ ഉള്ളത്.

**ആയതിനാൽ സെൻട്രലൈസ്ഡ് പ്രിൻ്റിംഗ് പുനസ്ഥാപിക്കുന്നത് വരെ അപ്രൂവൽ കഴിഞ്ഞ് പ്രിന്റ് പെൻഡിങ്ങുള്ള ഡ്രൈവിംഗ് ലൈസൻസുകള്ക്ക് താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.**

ഒറിജിനൽ ഡ്രൈവിംഗ് ലൈസൻസിന്റെ അഭാവത്തിൽ, താഴെപ്പറയുന്നവയിൽ നിന്നും ലഭിക്കുന്ന ഡ്രൈവിംഗ് ലൈസൻസിന്റെ ഓതറൈസ്ഡ് സോഫ്റ്റ് കോപ്പി, ഒറിജിനൽ ഡ്രൈവിംഗ് ലൈസൻസിന് പകരമായി അപ്‌ലോഡ് ചെയ്യാവുന്നതാണ്

- **പരിവാഹൻ/ എം-പരിവാഹൻ .**
- **ഡിജിലോക്കർ.**

സെൻട്രലൈസ്ഡ് പ്രിന്റിങ് പുന:സ്ഥാപിക്കുന്നത് വരെ മാത്രമാണ് മേൽ നിർദ്ദേ ശത്തിന് സാധുതയുള്ളത്. കൂടാതെ സാരഥി റിപ്പോർട്ട് പ്രകാരം പ്രിന്റ്റിംഗ് പൂർത്തിയാക്കിയ ലൈസൻസുകൾക്ക് ഈ നിർദ്ദേശം ബാധകമല്ല.

വിശ്വസ്തതയോടെ,

K MANOJKUMAR

JOINT TRANSPORT COMMISSIONER & SECRETARY STA

പകർപ്പ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

I/176960/2024

**മോട്ടോർ വാഹന വകുപ്പ്, കേരളം**